**കേരളസംസ്ഥാന മനുഷ്യാവകാശകമ്മീഷൻ**

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ 4906/11/12/2024**

**ഹർജിക്കാരൻ:** കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത പരാതി

**എച്ച്.ആർ.എം.പി. നമ്പർ 5692/11/12/2024**

**ഹർജിക്കാരൻ** ; രവീന്ദ്രൻ നായർ, റോസ് ഗാർഡൻസ്,പഴയ റോഡ് പോങ്ങുംമൂട്,മെഡിക്കൽ കോളെജ്, തിരുവനന്തപുരം

Official Respondents
1) State of Kerala, Represented by the Principal Secretary Health & Family Welfare Department
2) ഡയറക്ടർ,മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
3) സൂപ്രണ്ട്,മെഡിക്കൽ കോളെജ് ആശുപത്രി തിരുവനന്തപുരം.

**ഉത്തരവ് തീയതി 13.10.2025**

തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിലെ ലിഫ്റ്റിൽ 42 മണിക്കൂർ രോഗി കുടുങ്ങിയ സംഭവത്തിൽ മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ HRMP No4906/2024 ആയി . സ്വമേധയാ കേസെടുത്തിരുന്നു. വാർത്തയുടെ ആരോപണത്തെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ഹാജരാക്കാൻ മെഡിക്കൽ കോളെജ് സൂപ്രണ്ടിനോട് കമ്മീഷൻ ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തു. മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ 13/7/2024 തീയതി ശനിയാഴ്ച രാവിലെ അസ്ഥിരോഗ വിഭാഗം ഒ.പി യിൽ എത്തിയ രവീന്ദ്രൻ നായർ, 59 വയസ്സ്, ശ്രീകൃഷ്ണ നഗർ, തിരുവനന്തപുരം എന്ന രോഗി പരിശോധനയ്ക്കുശേഷം 11.15 മണിയോടുകൂടി ഉള്ളൂർ ഉള്ള വീട്ടിൽ പോയി തിരികെ റിസൾട്ട് കാണിക്കാനായി എത്തിയപ്പോൾ ലിഫ്റ്റിൽ കയറുകയും നാലടി മുകളിലേയ്ക്ക് പോയപ്പോൾ പെട്ടെന്ന് ലിഫ്റ്റ് സ്റ്റക്കായി നിന്നു പോകുകയും, ടിയാൻ അലറാം തുടർച്ചയായി ചെയ്തെങ്കിലും ആരും തന്നെ സഹായത്തിന് എത്താതിരിക്കുകയും, ലിഫ്റ്റിലെ ഗ്യാപ്പിൽ നിന്നും വെളിച്ചവും ഓക്സിജനും കിട്ടിയതുകൊണ്ട് അബോധ അവസ്ഥയിലേക്ക് പോയില്ലായെങ്കിലും രോഗിക്ക് പകലെന്നോ രാത്രിയെന്നോ തിരിച്ചറിയാൻ കഴിയാത്ത

മാനസികാവസ്ഥയിലായിരുന്നുവെന്നും, പ്രാഥമികാവശ്യങ്ങൾ പോലും ലിഫ്റ്റിൽ തന്നെ നടത്തിയ നിലയിൽ ആയിരുന്നു ടിയാനെ കണ്ടെത്തിയതെന്നും മറ്റും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

ഈ സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ ആരംഭിച്ചതിനുശേഷം ഇതിലെ victim ആയ ശ്രീ.രവീന്ദ്രൻ നായർ HRMP No5692/2024 ആയി ഒരു പരാതി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

ഈ കേസിൽ മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് 23.07.2024 തീയതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചും ഹർജികക്ഷിയെ നേരിൽ കേട്ടും കമ്മീഷൻ ഒരു ഉത്തരവ് 06.08.2024 തീയതി പാസ്സാക്കിയിരുന്നു. ശ്രീ രവീന്ദ്രൻ നായരെ ലിഫ്റ്റിൽ നിന്നും രക്ഷപ്പെടുത്തിയ തീയതിയും സമയവും വ്യക്തമാക്കി ഒരു അഡീഷണൽ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ 10 ദിവസത്തിനുള്ളിൽ തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് സമർപ്പിക്കേണ്ടതാണെന്നും. കൂടാതെ 14/07/2024 തീയതി ഞായറാഴ്ച മെഡിക്കൽ കോളെജ് ആശുപത്രിയിലെ എല്ലാ വിഭാഗവും പ്രവർത്തിക്കുന്നുണ്ടോയെന്നും, ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ സേവനം ലഭ്യമായിട്ടുണ്ടോയെന്നും കമ്മീഷനെ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

കമ്മീഷൻ 06.08.2024 തീയതി പാസ്സാക്കിയ ഉത്തരവിൻെറ അടിസ്ഥാനത്തിൽ മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് 22.08.2024 തീയതി ഒരു റിപ്പോർട്ട് സമർപ്പിച്ചു.

15.07.2024 അതിരാവിലെ 6 മണിയോടുകൂടി ലിഫ്റ്റ് തുറക്കാൻ പോയ ലിഫ്റ്റ് ഓപ്പറേറ്റർ ശ്രീ ദയാനന്ദൻ എന്നയാളാണ് ശ്രീ രവീന്ദ്രൻ നായർ ലിഫ്റ്റിൽ കുടുങ്ങി അവശ നിലയിൽ കിടക്കുന്നതെന്ന് കണ്ടെത്തെന്നും, ടിയാന് പ്രാഥമിക ചികിത്സ നൽകുന്നതിന് ശ്രീ ദയാനന്ദൻ രോഗിക്കൊപ്പം സഹായത്തിനായി ഉണ്ടായിരുന്നതായും, 42 മണിക്കൂർ രോഗി ലിഫ്റ്റിൽ കുടുങ്ങി കിടന്നു എന്നുള്ള നിഗമനം ശരിവയ്ക്കുന്നതാണെന്നും, 13.07.2024 ശനിയാഴ്ച ഒ പി പ്രവർത്തി ദിവസമായിരുന്നുവെന്നും, തൊട്ടടുത്ത ദിവസമായ 14.07.2024 ഞാറാഴ്ച ഒ പി ബിൽഡിംഗിൽ ഒ പി യോ മറ്റ് ഓഫീസ് പ്രവർത്തനമോ നടക്കാത്തതിനാൽ അടച്ചിടുകയാണ് പതിവെന്നും, ആയതിനാൽ ലിഫ്റ്റിൽ കുടുങ്ങിയ ആളിന് കൂടുതൽ സമയം കിടക്കേണ്ടി വന്നത് എന്നതും യാഥാർത്ഥ്യമാണെന്നും, 14.07.2024 തീയതി ഞായറാഴ്ച മെഡിക്കൽ കോളെജ് ആശുപത്രിയിലെ ഒ പി വിഭാഗങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നതല്ലായെന്നും, എന്നാൽ ആശുപത്രിയിലെ വാർഡുകളിൽ അഡ്മിറ്റ് ആയ രോഗികളും ലാബ് ഉൾപ്പെടെയുള്ള അനുബന്ധ ഡിപ്പാർട്ട്മെൻറുകളും പ്രവർത്തിക്കുന്നതായും, ഒ പി ഒഴികെ ആശുപത്രിയിലെ മെയിൻ ഗേറ്റ് ലിഫ്റ്റ്, അത്യാഹിത വിഭാഗം ലിഫ്റ്റ് എന്നിവയും പ്രവർത്തിക്കുന്നുണ്ടെന്നും ഇവിടെ 24 മണിക്കൂറും ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തി കാണുന്നു.

പരാതി പരിഗണനക്കെടുത്ത 06.02.2025 തീയതി പരാതികക്ഷി ഹാജരായി. താൻ ലിഫ്റ്റിൽ കുടുങ്ങി 42 മണിക്കൂർ ഒറ്റപ്പെട്ട സ്ഥിതിയിൽ കഴിഞ്ഞതു കാരണം മരണഭയം ഉണ്ടാകുകയും മാനസിക ആഘാതവും ഭക്ഷണവും വെള്ളവും ലഭിക്കാതെ കഷ്ടനഷ്ടങ്ങളും ഉണ്ടായതിന് 50 ലക്ഷം രൂപനഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടാകണമെന്ന് ഹർജികക്ഷി പറയുകയുണ്ടായി.

ഈ സാഹചര്യത്തിൽ 1) State of Kerala, Represented by the Principal Secretary Health & Family Welfare Department

2) ഡയറക്ടർ,മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

3) സൂപ്രണ്ട്,മെഡിക്കൽ കോളെജ് ആശുപത്രി, തിരുവനന്തപുരം.

എന്നിവരെ ഈ കേസിൽ Official Respondents ആയി ഉൾപ്പെടുത്തികൊണ്ട് കമ്മീഷൻ 06.02.2025 തീയതി ഇടക്കാല ഉത്തരവ് പാസ്സാക്കിയിരുന്നു.

ഈ കേസിലെ Official Respondents ന് പരാതിയുടെയും ഉത്തരവിൻെറയും പകർപ്പുകൾ അയച്ചുകൊടുക്കേണ്ടതാണെന്നും. ഇക്കാര്യത്തിൽ എതിർകക്ഷികൾക്ക് പറയാനുള്ള ആക്ഷേപം ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്നും യഥാസമയം എതിർകക്ഷികൾ ആക്ഷേപം സമർപ്പിച്ചിട്ടില്ലായെങ്കിൽ അവർക്ക് ആക്ഷേപം ഒന്നും ഇല്ലായെന്ന് കണ്ട് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടിണ്ടായിരുന്നു.

മേൽ ഉത്തരവിൻെറ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 27.03.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളെജ് ആശുപത്രിയിലെ ലിഫ്റ്റിൽ രോഗി കുടുങ്ങിയ സംഭവുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്ന് അന്വേഷണ കമ്മീഷൻ രൂപീകരിച്ച് ഉത്തരവായിരുന്നുവെന്നും, പ്രസ്തുത അന്വേഷണ സംഘം ലിഫ്റ്റിൽ അകപ്പെട്ട ശ്രീ രവീന്ദ്രൻ നായർ, ടിയാൻെറ ഭാര്യ എന്നിവരെ നേരിട്ട് കേൾക്കുകയും ഇവരുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിരുന്നുവെന്നും, കൂടാതെ ലിഫ്റ്റ് ഓപ്പറേറ്റർ ശ്രീ ആദർശ്, ശ്രീ മുരുകൻ എന്നിവർക്കെതിരെ നടപടി എടുക്കാനും അന്വേഷണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടെന്നും, കൂടാതെ രവീന്ദ്രൻ നായർക്കുള്ള ശാരീരിക ബുദ്ധിമുട്ടുകൾക്കുള്ള തുടർ ചികിത്സ മെഡിക്കൽ കോളെജിൽ നടത്താവുന്നതാണെന്നും അന്വേഷണ കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

സംസ്ഥാന സർക്കാരിനുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് 10.10.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ ഉള്ളടക്കം താഴെ കൊടുക്കുന്നു;

"മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലിഫ്റ്റിനുള്ളിൽ രോഗി കുടുങ്ങിയ സംഭവുമായി ബന്ധപ്പെട്ട വിഷയത്തിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ. ആദർശ് ജെ.എസ്. സർജൻ്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ റജീഷ്. പി എൻ എന്നിവരെ അന്വേഷണവിധേയമായി സസ്പെൻ്റ് ചെയ്യുകയും തുടർന്ന് യഥാക്രമം 4/12/2024, 14/2/2025 എന്നീ തീയതികളിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. വകുപ്പ് തല അന്വേഷണ കമ്മിഷൻ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ശ്രീ റജീഷ് പി എൻ - നെ കുറ്റവിമുക്തനാക്കുകയും ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ ആദർശിന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം സംഭവിച്ചതായി കാണിച്ച് ടിയാൾക്കെതിരെ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു.

ശ്രീ ആദർശ് കുറ്റപത്രത്തിനു നൽകിയ മറുപടിയിൽ ആരോപണങ്ങൾ നിഷേധിക്കുകയും ടിയാന്റെ ഡ്യൂട്ടി സമയം കഴിഞ്ഞ ശേഷം (വൈകുന്നേരം 3 മണി) മാത്രമേ രോഗി ലിഫ്റ്റിൽ കുടുങ്ങാനിടയുള്ളൂ എന്ന വാദഗതി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. അതിനായി ചില സാങ്കേതിക കാരണങ്ങളും ടിയാൻ ചൂണ്ടികാണിച്ചിട്ടുണ്ട്. അത് സംബന്ധിച്ച വസ്തുത പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിലേക്കായി PWD ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ HDS മുഖേന നിയമിതനായ ശ്രീ. മുരുകനെ അന്വേഷണ വിധേയമായി സസ്പെൻ്റ് ചെയ്യുകയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ശ്രീ രവീന്ദ്രൻ നായർക്ക് ലിഫ്റ്റിൽ അകപ്പെട്ടതുമായി ബന്ധപ്പെട്ടുള്ള ശാരീരിക ബുദ്ധിമുട്ടുകൾക്ക് സാധ്യമായ എല്ലാ ചികിത്സകളും നൽകിയിട്ടുണ്ട്. ഭാവിയിൽ ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് തുടർ ചികിത്സ ഉറപ്പു വരുത്താൻ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന് നിർദേശം നൽകിയിട്ടുണ്ട്."

കേസ് 13.10.2025 തീയതി പരിഗണനക്കെടുത്തു. അന്നേദിവസം ഹർജികക്ഷി ഹാജരായി റിപ്പോർട്ടുകളിൽമേൽ ആക്ഷേപം സമർപ്പിച്ചു. റിപ്പോർട്ടുകൾ വസ്തുതാ വിരുദ്ധവും അപൂർണ്ണവും ആണെന്നും തനിക്ക് നേരിട്ട കഷ്ടനഷ്ടങ്ങളെ പറ്റിയോ മാനസിക ശാരീരിക ബുദ്ധിമുട്ടുകളെ സംബന്ധിച്ചോ അവ പരിഹരിക്കുന്നതിന് താൻ ആവശ്യപ്പെട്ട നഷ്ടപരിഹാര തുക അനുവദിക്കുന്നത് സംബന്ധിച്ചോ യാതൊരുവിധ പരാമർശവും റിപ്പോർട്ടുകളിൽ ഇല്ല എന്നും, മെഡിക്കൽ കോളേജ് സൂപ്രണ്ട് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത ലിഫ്റ്റ് തുടരെ തുടരെ തകരാറിൽ ആകുന്നു എന്ന് സമ്മതിച്ചിട്ടുണ്ട് എന്നും എന്നാൽ ടി ലിഫ്റ്റ് ക്ലോസ് ചെയ്ത് സൂചന ബോർഡ് വയ്ക്കുകയോ ലോക്ക് ചെയ്യുകയോ ചെയ്തിട്ടില്ല എന്നത് പ്രസ്തുത റിപ്പോർട്ടിൽ വെളിവാകുന്നുണ്ട് എന്നും, തനിക്ക് ഇപ്പോഴും ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ആയതിനാൽ മതിയായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും മറ്റും ഹർജികക്ഷി ആക്ഷേപത്തിൽ പറയുന്നു

കമ്മീഷൻ കേസ് വിശദമായി പരിശോധിച്ചു. ശ്രീ രവീന്ദ്രൻ നായർ 42 മണിക്കൂർ ലിഫ്റ്റിൽ കുടുങ്ങി കിടക്കേണ്ടി വന്നുവെന്ന ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന അടിസ്ഥാനവസ്തുതകളിൽ (basis facts) എതിർകക്ഷികൾക്ക് തർക്കമില്ല. ആയത് എതിർകക്ഷികൾ അംഗീകരിക്കുന്നുമുണ്ട്. 13.07.2024 തീയതി രാവിലെ 11.15 മണിമുതൽ 15.07.2024 തീയതി തിങ്കളാഴ്ച രാവിലെ 6 മണിവരെ 42 മണിക്കൂർ ശ്രീ രവീന്ദ്രൻ നായർ ലിഫ്റ്റിൽ കുടുങ്ങി കിടക്കേണ്ടി വന്നു. തകരാറിലായിരുന്ന ലിഫ്റ്റ് ലോക്ക് ചെയ്യുകയോ സൂചനാ ബോർഡ് സ്ഥാപിക്കുകയോ ചെയ്തിരുന്നില്ല. രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയെങ്കിലും ലിഫ്റ്റ് ഓപ്പറേറ്ററെ വയ്ക്കാനുള്ള ഉത്തരവാദിത്വം മെഡിക്കൽ കോളെജ് അധികൃതർക്ക് ഉണ്ട്. ആയത് യഥാവിധി പാലിക്കപ്പെട്ടിട്ടില്ല. ടി ലിഫ്റ്റ് അടിക്കടി തകരാറിലാകുന്നതായും complaint rectify ചെയ്താലും ഉടൻ തന്നെ വീണ്ടും തകരാറിലാകാറുണ്ടെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നുണ്ട്. അപ്പോൾ കൂടുതൽ ജാഗ്രത കാണേണ്ടിയിരുന്നു. ദിവസവും ആയിരക്കണക്കിന് രോഗികൾ വരുന്ന തിരുവനന്തപുരം മെഡിക്കൽ കോളെജിൽ ഇത്തരത്തിൽ ഗുരുതരമായ ഒരു സംഭവം നടന്നത് കമ്മീഷൻ ഗൗരവമായി കാണുന്നു. ഇതിലെ victim ആയ ശ്രീ രവീന്ദ്രൻ നായരുടെ ജീവൻ തന്നെ അപകടത്തിലാകുമായിരുന്നു. ഭാഗ്യം കൊണ്ടുമാത്രമാണ് അദ്ദേഹം രക്ഷപ്പെട്ടത്. 15.07.2024 രാവിലെ 6 മണിക്കാണ് ടിയാനെ ലിഫ്റ്റിൽ നിന്നും രക്ഷപ്പെടുത്തുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഗുരുതരമായ കൃത്യവിലോപവും വീഴ്ചയും ഉണ്ടായിട്ടുണ്ട്. താൻ ലിഫ്റ്റിൽ കുടുങ്ങി 42 മണിക്കൂർ ഒറ്റപ്പെട്ട സ്ഥിതിയിൽ കഴിഞ്ഞതു കാരണം മരണഭയം ഉണ്ടാകുകയും മാനസിക ആഘാതവും ഭക്ഷണവും വെള്ളവും ലഭിക്കാതെ കഷ്ടനഷ്ടങ്ങളും ഉണ്ടായതിന് നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന പരാതിക്കാരൻെറ ആവശ്യം ന്യായമാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ പരാതികക്ഷി തുടർച്ചയായി 48 മണിക്കൂർ ലിഫ്റ്റിൽ കുടുങ്ങിയതിനാൽ അനുഭവിച്ച മാനസിക ആഘാതത്തിനും മരണ ഭയത്തിനും മതിയായ നഷ്ടപരിഹാരം നൽകേണ്ടതാണെന്ന് കമ്മീഷൻ കരുതുന്നു. ഇതിലെ victim മരണപ്പെടാനുള്ള സാധ്യത വരെയുണ്ടായിരുന്ന സംഭവത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വം ഉള്ളതുപോലെ സ്റ്റേറ്റിനും ബാധ്യതയുണ്ട് .

നഷ്ടപരിഹാരം ലഭിക്കുവാൻ ഹർജികക്ഷിക്ക് അർഹതയുണ്ടെങ്കിലും ടിയാൻ ആവശ്യപ്പെട്ട തുക വളരെ കൂടുതലും യുക്തിസഹവുമല്ല. ആയതിനാൽ 5 ലക്ഷം രൂപ സംസ്ഥാന സർക്കാർ ഇതിലെ Victim ആയ ശ്രീ രവീന്ദ്രൻ നായർക്ക് നഷ്ടപരിഹാരമായി നൽകേണ്ടതാണെന്ന് കമ്മീഷൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കുന്നു. പ്രസ്തുത നഷ്ടപരിഹാര തുക സംസ്ഥാന സർക്കാർ ഈ ഉത്തരവ് ലഭിച്ച് 2 മാസത്തിനുള്ളിൽ നൽകേണ്ടതാണ്. അതിനുശേഷം ഈ തുക ഉത്തരവാദികളായവരിൽ നിന്നും നിയമാനുസൃതം ഈടാക്കാവുന്നതുമാണ്. ലിഫ്റ്റിൻെറ സർവ്വീസ് നടത്തുന്ന കമ്പനിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാനുള്ള

സ്വാതന്ത്ര്യം സർക്കാരിനുണ്ട്. നഷ്ടപരിഹാരം നൽകിയതിനുശേഷം അതു സംബന്ധിച്ചുള്ള ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ട് കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ശ്രീ രവീന്ദ്രൻ നായർക്ക് ലിഫ്റ്റിൽ അകപ്പെട്ടതുമായി ബന്ധപ്പെട്ടുള്ള ശാരീരിക മാനസിക ബുദ്ധിമുട്ടുകൾക്ക് സാധ്യമായ എല്ലാ ചികിത്സയും സൗജന്യമായി തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് നൽകേണ്ടതാണ്. കൂടാതെ ടിയാന് ക്ലിനിക്കൽ സൈക്കോളജിസ്റ്റിൻെറ സേവനം ആവശ്യമുണ്ടെങ്കിൽ ആയതും ലഭ്യമാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങളോടെ ഈ പരാതി തീർപ്പാക്കുന്നു

ഉത്തരവിൻെറ പകർപ്പ് State of Kerala, Represented by the Principal Secretary Health & Family Welfare Department, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് പരാതിക്കാരൻ എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ